# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6578 — 01/11/2011-ൽ മറുപടിയ്ക്ക്

## ജീവൻരക്ഷാമരുന്നുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ജീവൻരക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കുമോ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്നുകളും ചികിത്സാ സാമഗ്രികളും സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. മാരക രോഗങ്ങൾക്കുള്ള മരുന്നുകളും സംഭരിച്ച് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഇടനിലക്കാരെയും കുത്തകകളെയും ഒഴിവാക്കി മരുന്നു വിതരണം സുതാര്യവും നീതിപൂർവ്വവുമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാണിജ്യാടിസ്ഥാനത്തിൽ വില്പന കൗണ്ടറുകൾ മുഖേന മരുന്നുകൾ കുറഞ്ഞവിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | സർക്കാർ വിൽപ്പനശാലകൾ വഴി ഇത്തരം മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുമോ; | (ബി) | ആരംഭഘട്ടത്തിൽ 75 ഓളം വില്പനശാലകൾ (നീതി സ്റ്റോർ, പേ-ഇൻ-കൗണ്ടർ) വഴി മരുന്നു വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത് |

| | | | |
|---|---|---|---|
| (സി) | മരുന്നു സംഭരണത്തിൻെറയും വിതരണത്തിൻെറയും ചുമതല പൂർണ്ണമായും മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ഏൽപ്പിക്കുമോ; | (സി) | നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് മരുന്നുകൾ വിതരണവും സംഭരണവും നടത്തുന്നത്. |
| (ഡി) | എങ്കിൽ കമ്പനികൾക്കും ഉപഭോക്താവിനും ഇടയിൽ ഉള്ള സി. ആൻറ് എഫ്. ഏജൻറ്, സൂപ്പർ സ്റ്റോക്കിസ്റ്റ്. സ്റ്റോക്കിസ്റ്റ്, ഹോൾസെയിൽ ഡീലർ, റീട്ടെയിൽ ഡീലർ എന്നിവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുമോ; | (ഡി) | ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി കുറഞ്ഞ വിലയ്ക്ക് രോഗികൾക്ക് മരുന്ന് ലഭ്യമാക്കാനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. |
| (ഇ) | എങ്കിൽ ഉൽപ്പാദിപ്പിക്കുന്ന വിലയ്ക്ക് തന്നെ ഉപഭോക്താവിന് ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകുമോ; | (ഇ) | മരുന്ന് കമ്പനികളിൽ നിന്ന് നേരിട്ട് മരുന്നുകൾ സംഭരിച്ച് കുറഞ്ഞ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കാനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. |
| (എഫ്) | പ്രസ്തുത സാഹചര്യത്തിൽ നിലവിലുള്ള വിലയുടെ അമ്പത് ശതമാനത്തോളം കുറവ് ഉപഭോക്താക്കൾക്ക് പ്രതീക്ഷിക്കാനാകുമോ; | (എഫ്) | എം. ആർ. പി. യെക്കാൾ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിതരണം ചെയ്യാൻ സാധിക്കും. |
| (ജി) | പ്രസ്തുത സംവിധാനത്തിനെതിരെ ഉയർന്നുവരാൻ ഇടയുള്ള വെല്ലുവിളികളെ അതിജീവിക്കാൻ ആവശ്യമായ കരുതൽ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ജി) | വെല്ലുവിളികളെ അതിജീവിക്കാനുള്ള നടപടികൾ സ്വീകരിക്കും ഇത് മുന്നിൽ കണ്ടിട്ടായിരിക്കും കോർപ്പറേഷൻ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുക. |

സെക്ഷൻ ഓഫീസർ